"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട്, തൃക്കടീരി, ബി.ഇ.എം. യു .പി സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ അദ്ധ്യാപകൻ ശ്രീ. ദിനേശ് സാം ന്റെ നിയമനം നിരസിച്ചതിനെതിരെ ടി സ്കൂൾ കോർപ്പറേറ്റ് മാനേജർ സർക്കാരിൽ സമർപ്പിച്ച പുന:പരിശോധന ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.2735/2025/GEDN തീയതി,തിരുവനന്തപുരം, 19-04-2025

---

പരാമർശം:-

1. സി എസ്സ് ഐ സ്കൂൾസ് മലബാർ & വയനാട് റീജിയൺ കോർപ്പറേറ്റ് മാനേജർ സർക്കാരിൽ സമർപ്പിച്ച 26/09/2024 തീയതിയിലെ പുന പരിശോധനാ ഹർജി
2. ഒറ്റപ്പാലം ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 04/01/2025 തീയതിയിലെ AEOOTP/929/2024-D നമ്പർ കത്ത്.
3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 05/01/2025 തീയതിയിലെ ഡിജിഇ/25086/2024-ജി1നമ്പർ കത്ത്.
4. ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 06/01/2025 തീയതിയിലെ DEOOTP/B4/3067/2024 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട്, തൃക്കടീരി, ബി.ഇ.എം. യു.പി സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ അദ്ധ്യാപകൻ ശ്രീ. ദിനേശ് സാം ന്റെ നിയമനം നിരസിച്ചതിനെതിരെ ടി സ്കൂൾ കോർപ്പറേറ്റ് മാനേജർ സർക്കാരിൽ സമർപ്പിച്ച പരാമർശം 1 പുന പരിശോധനാ ഹർജിയിന്മേൽ തീരുമാനമെടുക്കുന്നതിനായി ഹർജിക്കാരിയെയും ബന്ധപ്പെട്ട കക്ഷികളെയും 07.01.2025-ൽ ഗൂഗിൾ മീറ്റ് മുഖാന്തിരം കേട്ടു.

**2. ടി സ്കൂൾ കോർപ്പറേറ്റ് മാനേജരുടെ വാദങ്ങൾ ചുവടെ കൊടുക്കുന്നു.**

തൃക്കടീരി ബി.ഇ.എം. യു.പി സ്കൂളിലെ യു.പി.എസ്.ടി ആയ ശ്രീ.ജസ്റ്റസ്.എം 1.3.2019 മുതൽ 29.2.2024 വരെ ശൂന്യവേതനാവധിയിൽ പ്രവേശിച്ച ഒഴിവിലാണ് ശ്രീ.ദിനേശ് സാം 24.6.2019 മുതൽ 31.3.2020 വരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടിരുന്നത് നിരസിച്ചതിനെതിരെയാണ് റിവിഷൻ ഹർജി അപ്പീൽ ഫയൽ ചെയ്തിട്ടുള്ളത്.

ദീർഘകാല അവധി ഒഴിവുകളിൽ സംരക്ഷിതാദ്ധ്യാപകരെ നിയമിക്കുന്നത് ബഹു മാനപ്പെട്ട സുപ്രീം കോടതിയുടെ മുമ്പാകെയുള്ള പെറ്റീഷനുകളിൽ ഉണ്ടാകുന്ന തീർപ്പിന് വിധേയമായി നടപ്പാക്കിയാൽ മതിയെന്ന് സർക്കാർ ഉത്തരവ് 04/2021/ പൊവിവ തീയതി 6.2.2021 പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ 26.2.2021 തീയതിയിലെ എച്ച്2/19500/2019 നമ്പർ സർക്കുലർ

പ്രകാരം 2016-17 മുതൽ 2019-2020 വരെ അവധി ഒഴിവിൽ നിയമിക്കപ്പെട്ടവരുടെ നിയമനം നോഷണലായിട്ട് അംഗീകരിക്കാമെന്നും വ്യക്തമാക്കിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ ക്ലാസ്സ് മുടങ്ങാതിരിക്കാനാണ് ദിവസവേതനാടിസ്ഥാനത്തിൽ ശ്രീ. ദിനേശ് സാം നെ നിയമിച്ചിട്ടുള്ളത്. ആയതിനാൽ മേൽ നിയമനം ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിച്ച് നൽകണമെന്ന് അപേക്ഷിക്കുന്നു.

3. വിദ്യാഭ്യാസ അധികാരികൾ താഴെ പറയും പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

തൃക്കടീരി ബി.ഇ.എം. യു.പി സ്കൂളിലെ യു.പി.എസ്.എ ശ്രീ.ജസ്റ്റസ് 1.3.2019 മുതൽ 28.2.2024 വരെ ശൂന്യവേതനാവധി ദീർഘിപ്പിച്ച ഒഴിവിൽ ശ്രീ. ദിനേശ് സാമിനെ 24.6.2019 മുതൽ 31.3.2020 വരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിരുന്നു. എന്നാൽ ആയത് ഒറ്റപ്പാലം ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവ് നമ്പർ D/8098/2019 പ്രകാരം ചുവടെ ചേർത്ത കാരണങ്ങളാൽ നിയമന പ്രൊപ്പോസൽ നിരസിക്കുകയുണ്ടായി.

നിയമന ഉത്തരവ് അപൂർണ്ണമാണ്. നിയമനാർത്ഥിയുടെ സാക്ഷ്യപത്രത്തിൽ മേൽവിലാസം ഇല്ല. സ്വഭാവ സർട്ടിഫിക്കറ്റ്, കെ-ടെറ്റ് യോഗ്യത ഇല്ലാത്തതു സംബന്ധിച്ച സാക്ഷ്യ പത്രം, സ്റ്റാഫ് ലിസ്റ്റ്, ജസ്റ്റസ് ന്റെ അവധി അനുവദിച്ച ഉത്തരവ് എന്നിവ സമർപ്പിച്ചിട്ടില്ല, ദീർഘകാല അവധി ഒഴിവിലെ നിയമനമാകയാൽ പരിഗണനാർഹമല്ല.

ആയതിനെതിരെ സമർപ്പിച്ച അപ്പീൽ, ഒറ്റപ്പാലം ജില്ല വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവ് നമ്പർ B4/191930/2020 തീയതി 2.3.2020 പ്രകാരം ദീർഘകാല അവധി ഒഴിവിലെ നിയമനമാകയാൽ സംരക്ഷിതാദ്ധ്യാപകരെ നിയമിക്കേണ്ടതാണെന്ന കാരണത്താൽ തന്നെ നിരസിക്കുകയുണ്ടയി.

തുടർന്ന് ഈ കാര്യാലയത്തിൽ റിവിഷൻ അപ്പീൽ സമർപ്പിച്ചിരുന്നു. ടി റിവിഷൻ അപ്പീൽ ഉത്തരവ് നമ്പർ G1/233063/2021 തീയതി 15.9.2024 പ്രകാരം താഴെ പറയുന്ന വസ്തുതകളുടെ അടിസ്ഥാനത്തിൽ നിരസിച്ചിട്ടുള്ളതാണ്.

1. 01.3.2019 മുതൽ 28.2.2024 വരെ എടുത്ത ശൂന്യവേതനാവധിയിലാണ് ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തിയിരിക്കുന്നത്. ഒരു അക്കാദമിക വർഷത്തിൽ അധികമുള്ള ഒഴിവുകൾ കെ.ഇ.ആർ അദ്ധ്യായം XXI ചട്ടം 7(4) പ്രകാരം, ചട്ടം 43/51എ/51ബി അവകാശികൾക്ക് വിധേയമായി സംരക്ഷിത അദ്ധ്യാപകരെ വെച്ച് മാത്രമേ നികത്താനാവൂ എന്ന് കാണുന്നു. കൂടാതെ 9.11.2016 തീയതിയിലെ പൊതുവിദ്യാഭ്യാസ (ജെ) വകുപ്പിന്റെ സർക്കുലർ നം.951951/ജെ2/16/പൊ.വി.വ പ്രകാരം 3 മാസത്തിൽ കൂടുതലുള്ള എല്ലാ അവധി ഒഴിവുകളും 2016-17 വർഷം മുതൽ സംരക്ഷിത ജീവനക്കാരെ ഉപയോഗിച്ച് നികത്തേണ്ടതാണെന്ന് നിർദ്ദേശം നൽകിയിട്ടുമുണ്ട്.

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 01.10.2022 തീയതിയിലെ എച്ച്2/5594/2022/ഡി.ജി.ഇ നം. കത്ത് പ്രകാരം കെ.ഇ.ആർ അദ്ധ്യായം XXI, ചട്ടം 7(1) മുതൽ 7(4) വരെയുള്ളവ പ്രകാരമോ മറ്റ് സർക്കാർ ഉത്തരവുകൾ പ്രകാരമോ സംരക്ഷിതാദ്ധ്യാപകരെ നിയമിക്കേണ്ട തസ്തികകളിലേക്ക് നിയമനത്തിനായി മാനേജർമാർ നിയമാനുസൃതം സംരക്ഷിതാദ്ധ്യാപകരെ ആവശ്യപ്പെടുകയും, ജില്ലാ തലത്തിൽ അവരെ നൽകാൻ കഴിയാത്ത സാഹചര്യങ്ങളിൽ സംരക്ഷിതാദ്ധ്യാപകരെ ലഭ്യമാകുന്നതുവരെ പ്രസ്തുത സ്കൂളിലെ അത്തരം ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക നിയമനം നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

3. സംരക്ഷിത അദ്ധ്യാപികയെ നിയമിക്കേണ്ട ദീർഘകാല അവധി ഒഴിവിലാണ് ശ്രീ.ദിനേശ് സാമിനെ നിയമിച്ചത് എന്നും സംരക്ഷിത അദ്ധ്യാപികയെ ആവശ്യപ്പെട്ട മാനേജർ

വിദ്യാഭ്യാസ ഉപഡയറക്ടർക്ക് കത്ത് നൽകിയിട്ടില്ല എന്നും കാണുന്നു.

സംരക്ഷിതാദ്ധ്യാപികയെ നിയമിക്കേണ്ട ദീർഘകാല അവധി ഒഴിവിലാണ് ശ്രീ.ദിനേശ് സാമിനെ നിയമിച്ചത്. ആയതിനാൽ ടി നിയമനം പരിഗണനാർഹമല്ല എന്ന് അഭിപ്രായപ്പെടുന്നു.

4. സർക്കാർ ഈ വിഷയം ഹിയറിംഗ് സമയത്തെ വാദത്തിന്റെയും, നിലവിലുള്ള ചട്ടങ്ങളുടെയും ഉത്തരവുകളുടെയും, ലഭ്യമായ റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിലും വിശദമായി പരിശോധിച്ചു. പാലക്കാട്, തൃക്കടീരി ബി.ഇ.എം. യു.പി സ്കൂളിലെ യു.പി.എസ്.ടി ശ്രീ.ജസ്റ്റസ് 1.3.2019 മുതൽ 28.2.2024 വരെ ശൂന്യവേതനാവധി ദീർഘിപ്പിച്ച ഒഴിവിൽ ശ്രീ.ദിനേശ് സാം നെ 24.6.2019 മുതൽ 31.3.2020 വരെ ദിവസവേതനാടിസ്ഥാനത്തിൽ മാനേജർ നിയമിച്ചു. ദീർഘകാല അവധി ഒഴിവിലെ നിയമനമാകയാൽ സംരക്ഷിതാദ്ധ്യാപകരെ നിയമിക്കേണ്ടതാണെന്ന കാരണത്താൽ വിദ്യാഭ്യാസ അധികാരികൾ ടി നിയമനം നിരസിച്ചു. ഒരു അക്കാദമിക വർഷത്തിൽ അധികമുള്ള ഒഴിവുകൾ കെ.ഇ.ആർ അദ്ധ്യായം XXI, ചട്ടം 7(4) പ്രകാരം ചട്ടം 43/51എ/51ബി അവകാശികൾക്ക് വിധേയമായി സംരക്ഷിതാദ്ധ്യാപകരെ വച്ച് മാത്രമേ നികത്താൻ പാടുള്ളൂ. സംരക്ഷിതാദ്ധ്യാപകരെ നിയമിക്കേണ്ട തസ്തികയിലേക്ക് നിയമനത്തിനായി മാനേജർ നിയമാനുസൃതം സംരക്ഷിതാദ്ധ്യാപകരെ ആവശ്യപ്പെടുകയും ജില്ലാ തലത്തിൽ അവരെ നൽകാൻ കഴിയാത്ത സാഹചര്യങ്ങളിൽ സംരക്ഷിതാദ്ധ്യാപകരെ ലഭ്യാമാകുന്നതുവരെ അത്തരം ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക നിയമനം നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ സംരക്ഷിതാദ്ധ്യാപകരെ അവശ്യപ്പെട്ട് മാനേജർ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് കത്ത് നൽകിയിട്ടില്ല എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സംരക്ഷിതാദ്ധ്യാപകനെ ആവശ്യപ്പെട്ട മാനേജർ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് കത്ത് നൽകിയിട്ടില്ല എങ്കിലും സംസ്ഥാന തലത്തിൽ ടി കാലയളവിൽ സംരക്ഷിതാദ്ധ്യാപകരുടെ ലിസ്റ്റ് നിലവിലുണ്ടായിരുന്നോ എന്ന് പരിശോധിച്ച്, സംരക്ഷിതാദ്ധ്യാപകർ ഇല്ലായിരുന്നുവെങ്കിൽ തൃക്കടീരി ബി.ഇ.എം. യു.പി സ്കൂളിലെ യു.പി.എസ്.ടി ശ്രീ.ദിനേശ് സാം ന്റെ 24.6.2019 മുതൽ 31.3.2020 വരെയുള്ള ശൂന്യവേതനാവധി ഒഴിവിലെ നിയമനം ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിക്കുന്നതിന് ഒറ്റപ്പാലം ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി ടി സ്കൂൾ കോർപ്പറേറ്റ് മാനേജർ സർക്കാരിൽ സമർപ്പിച്ച പരാമർശം 1 പുനപരിശോധനാ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ വി
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം.
കോർപ്പറേറ്റ് മാനേജർ, സി എസ്സ് ഐ സ്കൂൾസ്(മലബാർ & വയനാട്),
സി എസ്സ് ഐ കോർപ്പറേറ്റ് മാനേജർ ഓഫീസ് ,
ബാങ്ക് റോഡ്, കോഴിക്കോട്-673001.
ശ്രീ. ദിനേശ് സാം,യു .പി .എസ് .ടി, ബി. ഇ. എം യു പി സ്കൂൾ, തൃക്കടീരി, പാലക്കാട്.
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്

(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Shahnakumari S L
Date: 22-04-2025 10:57:05

സെക്ഷൻ ഓഫീസർ